# സർദാർജി ഫലിതങ്ങൾ (2)

## പരിഭാഷ, സമാഹരണം: സർദാർ സുധീർ സിംഗ്



സ്ഥിതിവിവര പുസ്തകം വായിച്ച് ഒരു സർദാർജി മറ്റേ സർദാർജിയോട് - ഓരൊ തവണ ഞാൻ ശ്വസിക്കുമ്പോൾ ഒരാൾ വീതം മരിക്കുന്നു. അത് കേട്ട് മറ്റേ സർദാജി - തനിക്ക് മൗത്ത് വാഷ് ഉപയോഗിച്ചുകൂടെ?

ഒരു സർദാർജി വേറൊരു സർദാർജിക്ക് ഒരു സന്ദേശം അയച്ചു. അയക്കുന്നവൻ മഹാൻ, വായിക്കുന്നവൻ കഴുത. അത് വായിച്ച് കോപിഷ്ടനായ സർദാർജി മറുപടി അയച്ചു. അയക്കുന്നവൻ കഴുത, വായിക്കുന്നവൻ മഹാൻ.

ചോദ്യം: എന്താണു 'ഫോഡ് '
സർദാർജി: വണ്ടി
ചോദ്യം: എന്താണു ഓക്സ്ഫോഡ്
സർദാർജി: അതോ, അത് കാള വണ്ടി

ക്ലാസ് മുറിയിലിരിക്കുന്ന സർദാർജി കുട്ടിയെ എങ്ങനെ തിരിച്ചറിയാം. അദ്ധ്യാപകൻ ബോർഡിൽ എഴുതിയത് മായ്ക്കുമ്പോൾ സർദാർജി കുട്ടി അവന്റെ പുസ്തത്തിൽ എഴുതിയത് മായ്ക്കുന്നു.

സർദാർജി അയൽപക്കകാരനോട്: ഓഫിസ്സിൽ പോകുന്നതിനു മുമ്പു ഞാൻ എന്റെ ഭാര്യയെ ചുംബിക്കുന്നു.

അയൽപക്കകാരൻ: ഞാനും, നീ പോയതിനുശേഷം.

സർദാർജിക്ക് ആസ്പത്രിയിലെ ഒരു നേഴ്സിനോട് പ്രേമം തോന്നി. സർദാർജി അവർക്ക് എഴുതി; സിസ്റ്റർ, ഐ ലവ് യു

സർദാർജി ഒരു കടയിൽ ചെന്ന് ഭാരതത്തിന്റെ പതാക അന്വേഷിച്ചു. കടക്കാരൻ ഭാരതത്തിന്റെ ത്രിവർണ്ണ പതാക എടുത്തു കാണിച്ചപ്പോൾ സർദർജി - ഇതല്ലാതെ വേറെ നിറത്തിൽ ഉണ്ടെങ്കിൽ അത് കാണിക്കൂ.

സർദാർജി ഒരു മാരുതി കാർ വാങ്ങി അമൃത്സറിലുള്ള തന്റെ വീട്ടിൽ നിന്നും ജലന്ധറിലുള്ള സ്നേഹിതനെ കാണാൻ പോയി. കുറച്ച് മണിക്കൂർ കൊണ്ട് സർദാർജി അവിടെയെത്തി. കുറച്ച് ദിവസം താമസിച്ചതിനു ശേഷം അവിടെ നിന്നും തിരിക്കുമ്പോൾ അമ്മക്ക് ഫോൺ ചെയ്ത് പറഞ്ഞു, അമ്മാ, വൈകുന്നേരമാകുമ്പോഴേക്കും ഞാൻ അവിടെയെത്തും. എന്നാൽ സർദാർജി പറഞ്ഞ സമയത്ത് എത്തിയില്ല. കുറച്ച് ദിവസങ്ങൾക്ക് ശേഷം തിരിച്ചെത്തിയപ്പോൾ അമ്മ ചോദിച്ചു, ഹേ പുത്ര് , എന്തു പറ്റി. സർദാർജി - ക്ഷീണിതനായി പറഞ്ഞ്, എന്തു പറയാൻ ഈ മാരുതിവാലാക്കാരുടെ ഒരു കാര്യം. മുന്നോട്ടു പോകാൻ അവർ നാലു ഗിയർ ഉണ്ടക്കി എന്നാൽ പിന്നോട്ടു പോകാൻ ഒരു ഗിയർ മാത്രമേയുള്ളു. പിന്നെ ഞാൻ എങ്ങനെ വൈകാതിരിക്കും.

സർദാർജി ഒരു സന്ന്യാസിയുടെ അടുത്ത് ചെന്ന് സങ്കടം ബോധിപ്പിച്ചു. 'സ്വാമിജി എന്റെ ഭാര്യ എന്നെ വല്ലാതെ

കഷ്ടപ്പെടുത്തുന്നു. അതിൽ നിന്നും രക്ഷ നേടാൻ എന്തെങ്കിലും ഒരു ഉപായം പറഞ്ഞ് തരാമോ.
സന്യാസി സർദാർജിയോട്: ഉപായം അറിഞ്ഞിരുന്നെങ്കിൽ ഞാൻ സന്യാസി ആകുമായിരിന്നോ?

സർദാർജിയെ തിരിച്ചറിയുന്നതെങ്ങനെ ഃ

സ്റ്റാമ്പ് ഒട്ടിച്ച് ഫാക്സ് അയക്കുന്ന ആൾ.
മീനിനെ വെള്ളത്തിൽ മുക്കി കൊച്ചാൻ ശ്രമിക്കുന്ന ആൾ
എത്രത്തോളമുറങ്ങിയെന്ന് അളക്കാൻ റൂളർ അന്വേഷിക്കുന്നയാൾ
'സൈൻ ഹിയർ" എന്ന അപേക്ഷ ഫോമിൽ ' സ്കോർപ്പിയൻഃ എന്നെഴുതിയാൾ
വൈകിയെത്തിയത് കൊണ്ട് 44 നമ്പർ ബസ്സ് കിട്ടാതെ വന്നപ്പോൾ 22 നമ്പർ ബസ്സ് രണ്ട് തവണ എടുത്തയാൾ
എയർ പോർട്ടിലേക്ക് കാർ ഓടിച്ചു പോകുമ്പോൾ "എയർ പോർട്ട് 'ലെഫ്റ്റ്' എന്നു കണ്ടു വീട്ടിലേക്ക് തിരിച്ചു പോയ ആൾ.

ആധുനിക കലാ പ്രദർശന ഹാളിൽ ചെന്ന് സർദാർജി ആശ്ചര്യം പൂണ്ട് അവിടത്തെ ഒരു ജോലിക്കാരനോട് ചോദിച്ചു. 'ഈ അറപ്പ് തോന്നുന്ന വൃത്തികെട്ട രൂപമാണോ ആധുനിക കല. ജോലിക്കാരൻ' അല്ല സാർ അത് ഒരു കണ്ണാടിയാണ്.

ഒരു വിമാനത്തിൽ കെട്ടി തൂക്കിയ കയറിൽ പത്തു സർദാർജികളും ഒരു സ്ത്രീയും തൂങ്ങി കിടന്നു. ഒരാൾ താഴേക്ക് ചാടിയേ തീരു അല്ലെങ്കിൽ കയർ പൊട്ടും. ആരും തയ്യാറായില്ല. അപ്പോൾ ആ സ്ത്രീ പറഞ്ഞു ഞാൻ ചാടാം. അതിനു മുമ്പ് അവർ ചാടുന്നതിനെപ്പറ്റിയും തന്മൂലം മരിക്കുന്നതും മറ്റും ഹൃദയസ്പർശിയായി സംസാരിച്ചു. സംസാരം തീർന്നതും പത്തു സർദാർജികളും രണ്ടു കയ്യും കൂട്ടിയടിച്ച് അവരുടെ സന്തോഷം പ്രകടിപ്പിച്ചു.

സർദാർജി വേലക്കാരനോട് ഃ പോയി ചെടികൾക്ക് നനക്കെടാ...
വേലക്കാരൻഃ മഴ പെയ്യുന്നുണ്ട് സാർ
സർദാർജിഃ അതിനെന്താ ഇവിടെ കുടയില്ലേ?

## (തുടരും)

